## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 392 — 23.01.2018 — ൽ മറുപടിക്ക്

# റേഷൻ വിതരണ ശൃംഖലയുടെ കമ്പ്യൂട്ടർവത്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ ഖാദർ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ വിതരണ ശൃംഖലയുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കുമോ; | (എ) ഇല്ല. പൊതുവിതരണ സമ്പ്രദായത്തിന്റെ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷന്റെ വിവിധ ഘടകങ്ങളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| 1. | ഉണഭോക്താക്കളുടെ ഡിജിറ്റൽവൽക്കരണം | ഡാറ്റ പൂർണ്ണമായും ഡിജിറ്റൽവൽക്കരിച്ചിട്ടുണ്ട്. പുതുക്കിയ കാർഡുകളുടെ വിതരണം പൂർത്തിയായി വരുന്നു. റേഷൻ കാർഡുകൾക്കും അനുബന്ധ സർവ്വീസുകൾക്കുമുള്ള സാങ്കേതിക നടപടികൾ പൂർത്തിയായി വരുന്നു. |
| 2. | സപ്ലൈ ചെയിൻ മാനേജ്മെന്റ് | എല്ലാ റേഷൻകടകളിലും വാതിൽപ്പടി വിതരണം മുഖേന സാധനങ്ങൾ എത്തിക്കുന്നുണ്ട്. സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (SCMS) പൂർത്തിയായി വരുന്നു. |
| 3. | എഫ്.പി.എസ്. ആട്ടോമേഷൻ | റേഷൻകടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2018 ജനുവരി 6-ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. കരുനാഗപ്പള്ളി താലൂക്കിലെ 60 കടകളിൽ ഇ-പോസ് മെഷീൻ ഉപയോഗിച്ചുള്ള റേഷൻ വിതരണം നടന്നു വരുന്നു. |

| | | |
|---|---|---|
| 4. | പരാതി പരിഹാരം | പരാതി പരിഹാരത്തിന് വേണ്ടി എൻ.ഐ.സി. തയ്യാറാക്കിയിട്ടുള്ള ആപ്ലിക്കേഷന്റെ സെക്യൂരിറ്റി ആഡിറ്റ് നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം 2018 മാർച്ചിന് മുമ്പ് പൂർത്തീകരിച്ചില്ലെങ്കിൽ അതിനു ശേഷമുള്ള സംസ്ഥാനത്തിന്റെ റേഷൻ വിഹിതം തടയപ്പെടാനുള്ള സാധ്യതയുണ്ടോ; എങ്കിൽ അടിയന്തരമായി ഇത് പൂർത്തീകരിക്കാനുള്ള നടപടികൾ കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | 2018 മാർച്ച് 31-ന് മുമ്പ് തന്നെ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

*സെക്ഷൻ ഓഫീസർ*